**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **26-07-2021 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ദെലീമ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അമിത മഴയിൽ വിവിധ റോഡുകൾക്ക് കേടുപാടുപറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് അമിത മഴയിൽ വിവിധ റോഡുകളുടെ ഉപരിതലത്തിനും സംരക്ഷണ ഭിത്തികൾക്കും, ഓടകൾക്കും, കടൽ ക്ഷോഭത്തെ തുടർന്ന് കടൽ ഭിത്തിക്കും നാശ നഷ്ടം സംഭവിച്ചിരുന്നു. വിവിധ റോഡുകൾക്കു പറ്റിയ കേടുപാടുകൾ പരിഹരിക്കുന്നതിനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനുമായി അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിൽ നിന്നും ഡിഫക്ട് ലയബിലിറ്റി പീരീഡ് (ഡി.എൽ.പി) കഴിഞ്ഞ് കൈമാറിക്കിട്ടുന്ന റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് വഴി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ വാട്സ്ആപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; അത്തരത്തിൽ ലഭിക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടോ; | (ബി) | പൊതുമരാമത്തു വകുപ്പിൽ പ്രവൃത്തികൾ സംബന്ധിച്ച പരാതികൾ ജനങ്ങൾക്ക് അനായാസം അറിയിക്കാൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിനു കീഴിൽ റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച പരാതി അറിയിക്കാൻ നിലവിലുള്ള സംവിധാനം വിപുലീകരിച്ച് PWD 4 U Mobile Application 06/2021 മുതൽ ട്രയൽറൺ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ആപ്പിൽ ലഭിക്കുന്ന പരാതികൾ വകുപ്പിന്റെ പബ്ലിക് ഇൻഫർമേഷൻ സെൽ (PI Cell) – ൽ നിന്നും നേരിട്ടു നിരത്തു വിഭാഗത്തിലെ സബ് ഡിവിഷൻ ഓഫീസുകളിലേക്കും നിരത്തു പരിപാലന വിഭാഗത്തിലെ ഡിവിഷൻ ഓഫീസുകളിലേക്കും അയയ്ക്കുകയും, നിരത്തു വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതി പരിഹരിച്ച് റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിരത്ത് പരിപാലന വിഭാഗം |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതിക്കാരന് PWD 4 U Mobile Application വഴി മറുപടി നൽകുകയും പരാതി പരിഹരിച്ചതായി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. PWD 4 U Mobile Application വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നത് നിരത്തു വിഭാഗമാണ്. |
| (സി) | റോഡുകളുടെ അറ്റകുറ്റപണിക്കായി ചീഫ് എഞ്ചിനിയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; | (സി) | റോഡുകളുടെ അറ്റകുറ്റപണിക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിരത്തു പരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓടകളുടെ അഭാവവും അവയുടെ അശാസ്ത്രീയ നിർമ്മാണവും കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ സേവന വകുപ്പുകളുടെ ആസൂത്രണവും എകോപനവുമില്ലാത്ത പ്രവൃത്തികളും റോഡുകളെ തകരാറിലാക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മഴവെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ഓടകളുടെയും കലുങ്കുകളുടെയും അഭാവം റോഡുകളുടെ തകർച്ചക്ക് കാരണമാകുന്നുണ്ട്. സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവയനുസരിച്ച് റോഡുകളിൽ ആവശ്യമായ ഓടകളും കലുങ്കുകളും വിവിധ പദ്ധതികളിലുൾപ്പെടുത്തി നിർമ്മിച്ചു വരുന്നു. നിലവിൽ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാം തന്നെ Right of Way (RoW) പോർട്ടൽ മുഖേനയാണ് നൽകി വരുന്നത്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിനു കീഴിൽ ഭരാണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് തന്നെ മറ്റു വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുക വഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ തുടർന്ന് മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ